# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 ഡിസംബർ 13, വ്യാഴം

**നമ്പർ 151**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

[ശബരിമല വിഷയം സംബന്ധിച്ച് മൂന്ന് പ്രതിപക്ഷാംഗങ്ങൾ സഭാ കവാടത്തിൽ പതിനൊന്നുദിവസമായി നടത്തുന്ന സത്യാഗ്രഹത്തോട് സർക്കാർ സ്വീകരിക്കുന്ന നിലപാടിൽ പ്രതിഷേധിച്ച് ചോദ്യോത്തരവേള ബഹിഷ്കരിക്കുന്നതായി പ്രതിപക്ഷനേതാവ് സഭയെ അറിയിച്ചു. ബി. ജെ. പി. ഒഴികെയുള്ള പ്രതിപക്ഷ കക്ഷികൾ ചോദ്യോത്തരവേള ബഹിഷ്കരിച്ചു.]

ചരമോപചാരം :

മുൻ കേന്ദ്രമന്ത്രി എം.എം.ജേക്കബ്, മുൻ നിയമസഭാംഗം കെ. വി. കുര്യൻ, കേന്ദ്ര പാർലമെന്ററികാര്യ മന്ത്രി എച്ച്. എൻ. അനന്തകുമാർ, പാർലമെന്റംഗം എം. ഐ. ഷാനവാസ്, മുൻ നിയമസഭാംഗം ഇ.നാരായണൻ നായർ, മുൻ മന്ത്രി സി. എൻ. ബാലകൃഷ്ണൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. പരേതരോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

അടിയന്തിരപ്രമേയം :

സംസ്ഥാന ഖജനാവിൽ നിന്നുള്ള പണം ഉപയോഗിച്ച് 'വനിതാമതിൽ' എന്ന പരിപാടി സംഘടിപ്പിക്കാൻ സർക്കാർ നടത്തുന്നതായി പറയപ്പെടുന്ന നീക്കംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെടുന്ന ഒരു അടിയന്തിരപ്രമേയത്തിന്റെ അവതരണാനുമതിക്ക് ഡോ. എം. കെ. മുനീറും മറ്റ് രണ്ട് അംഗങ്ങളും ചേർന്ന്

KNPP.49/2019(i).

നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ വിശദീകരണത്തിനുശേഷം ഡോ. എം. കെ. മുനീർ നടത്തിയ പ്രസംഗത്തിലെ പദപ്രയോഗത്തെ തുടർന്ന് ഭരണകക്ഷിയിൽപ്പെട്ട അംഗങ്ങൾ നടുത്തളത്തിനടുത്തേക്ക് വരികയും മുദ്രാവാക്യം മുഴക്കുകയും ചെയ്തു. സഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകുവാൻ സാധിക്കാത്ത സാഹചര്യത്തിൽ രാവിലെ 10.40-ന് സഭ താൽക്കാലികമായി നിർത്തിവെച്ചു

രാവിലെ 11.17-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭ വീണ്ടും സമ്മേളിച്ചു ഡോ. എം. കെ. മുനീർ നടത്തിയ പരാമർശം പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഭരണപക്ഷത്തുള്ള അംഗങ്ങൾ വീണ്ടും നടുത്തളത്തിനടുത്തേക്ക് വരുകയും മുദ്രാവാക്യം മുഴക്കുകയും ചെയ്തു. സ്പീക്കർ അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുകയും സഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകുവാൻ സാധിക്കാത്തതിനാൽ തുടർ നടപടികളിലേക്ക് കടക്കുകയും ചെയ്തു:

<u>ശ്രദ്ധ ക്ഷണിക്കൽ:</u>

1. നിർദ്ദിഷ്ട കഞ്ചിക്കോട് റെയിൽ കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. ബാബു പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതിന് ഒരു നോട്ടീസ് നൽകിയിരുന്നു. മന്ത്രി അതു സംബന്ധിച്ച് ഒരു പ്രസ്താവന മേശപ്പുറത്തു വച്ചു
2. സംസ്ഥാന അഗ്നിരക്ഷാസേവന സേനയെ ആധുനികവത്ക്കരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. ടി. തോമസ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതിന് ഒരു നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രി അതു സംബന്ധിച്ച് ഒരു പ്രസ്താവന മേശപ്പുറത്തു വച്ചു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :</u>

ചട്ടം 304 പ്രകാരം അംഗങ്ങൾ നൽകിയ താഴെപ്പറയുന്ന നോട്ടീസുകൾക്ക് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവനകൾ മേശപ്പുറത്തുവച്ചു :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. സണ്ണി ജോസഫ് | കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | ശ്രീമതി ഇ. എസ്. ബിജി മോൾ | പത്തുചെയിൻ പ്രദേശത്തെ മൂന്ന് ചെയിൻ നിവാസികൾക്ക് പട്ടയം നൽകുന്നത് | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ശ്രീ. മുരളി പെരുനെല്ലി | ഇല്ലിക്കൽ ഷട്ടറിന്റെ പുനർ നിർമ്മാണത്തിലെ അപാകത | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. മഞ്ഞളാംകുഴി അലി | പെരിന്തൽമണ്ണയിലെ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. ഇ. കെ. വിജയൻ | കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. ടി. വി. ഇബ്രാഹിം | ചീക്കോട് കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീമതി പി. അയിഷാ പോറ്റി | സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ ആനുകൂല്യങ്ങൾ | ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശു വികസനവും വകുപ്പുമന്ത്രി |
| 8 | ശ്രീ. എ. എം. ആരിഫ് | മുത്തൂറ്റ് ഫിനാൻസിലെ ജീവനക്കാരുടെ പണിമുടക്ക് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 9 | ശ്രീ. എ. പ്രദീപ്കുമാർ | മലബാർ ദേവസ്വം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ | സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 10 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | കോട്ടയത്തെ കൽപ്പക സൂപ്പർ മാർക്കറ്റിന്റെ പ്രവർത്തനം | സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |

<u>റിപ്പോർട്ടുകളുടെ സമർപ്പണം:</u>

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു :

1. "വെള്ളപ്പൊക്ക പുനരധിവാസ പാക്കേജ്-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും മേഖലയിൽ", "ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പു വരുത്തുന്നതിനും കൃഷി വകുപ്പ് ആവിഷ്കരിച്ചുവരുന്ന പദ്ധതികൾ" എന്നീ വിഷയങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പ്രത്യേക റിപ്പോർട്ടുകൾ.

2. "ഒഡെപെക് ", "2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ വൻകിട ചെറുകിട പദ്ധതികൾ ഉൾപ്പെടെ വൈദ്യുതി ഉത്പാദന പ്രസരണ വിതരണ

മേഖലയിലുണ്ടായ നഷ്ടം" എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പ്രത്യേക റിപ്പോർട്ടുകൾ.

റിപ്പോർട്ട് പരിഗണന:

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സഭ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

നിയമനിർമ്മാണ കാര്യം

(I) 2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

കൃഷിയും മൃഗസംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ 2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലും ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു. ഭേദഗതികൾ അവതരിപ്പിച്ചില്ല. ബിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ചർച്ച കൂടാതെ അയയ്ക്കുകയും ചെയ്തു.

1. ശ്രീ. വി. എസ്. സുനിൽ കുമാർ, കൃഷി വകുപ്പുമന്ത്രി
2. ശ്രീ. ചിറ്റയം ഗോപകുമാർ
3. ഡോ. എൻ. ജയരാജ്
4. ശ്രീ. കെ. സി. ജോസഫ്
5. ശ്രീ. കെ. കുഞ്ഞിരാമൻ
6. ശ്രീ. മാത്യു ടി. തോമസ്
7. ശ്രീ. ഡി. കെ. മുരളി
8. ശ്രീ. മുരളി പെരുനെല്ലി
9. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
10. ശ്രീ. കെ. രാജൻ
11. ശ്രീ. സജി ചെറിയാൻ
12. ശ്രീ. സി. കെ. ശശീന്ദ്രൻ
13. ശ്രീ. സണ്ണി ജോസഫ്
14. ശ്രീ. പി. ഉബൈദുള്ള
15. ശ്രീ. കെ. വി. വിജയദാസ്

(II) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018 ലെ_കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു. ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല. അതിനുശേഷം പ്രമേയം സഭ അംഗീകരിക്കുകയും ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ പാസ്സാക്കുകയും ചെയ്തു:

വകുപ്പ് 2

In the proviso to section 2(oe) proposed to be inserted in the principal Act by Clause 2, for the words "six months" the words "one year" shall be substituted.

അഡ്ഹോക് കമ്മിറ്റി രൂപീകരണം സംബന്ധിച്ച് സ്പീക്കറുടെ അറിയിപ്പ്:

സർഫാസി നിയമം സംസ്ഥാനത്തൊട്ടാകെ ഉളവായിട്ടുള്ള അവസ്ഥാവിശേഷം പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി താഴെപ്പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന അഡ്ഹോക് കമ്മിറ്റി രൂപീകരിച്ചതായി സ്പീക്കർ സഭയെ അറിയിച്ചു

1. ശ്രീമതി ഇ. എസ്. ബിജിമോൾ
2. ശ്രീ. ജെയിംസ് മാത്യു
3. ശ്രീ. മോൻസ് ജോസഫ്
4. ശ്രീ. എ. പ്രദീപ്കുമാർ
5. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
6. ശ്രീ. എസ്. ശർമ്മ
7. ശ്രീ. സി. കെ. ശശീന്ദ്രൻ
8. ശ്രീ. വി. ഡി. സതീശൻ
9. ശ്രീ. കെ. സുരേഷ് കുറുപ്പ്
10. ശ്രീ. എം. ഉമ്മർ
11. ശ്രീ. എൻ. വിജയൻപിള്ള

<u>അവകാശലംഘന പ്രശ്നങ്ങൾ</u> :

I. താഴെപ്പറയുന്ന അവകാശ ലംഘന നോട്ടീസുകൾക്ക് സ്പീക്കർ അനുമതി നിഷേധിച്ചു:

1. ഐ. പി. എസ്. ഓഫീസർമാരുടെ വീടുകളിൽ ക്യാമ്പ് ഫോളോവേഴ്സ് തസ്തികയിലെ ജീവനക്കാർ ജോലി നോക്കുന്ന വിവരം സംബന്ധിച്ച് മുഖ്യമന്ത്രി സഭയിൽ നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതായിരുന്ന എന്നാരോപിച്ച് ശ്രീ. വി. ഡി. സതീശൻ നൽകിയ നോട്ടീസ്.

2. പത്തനാപുരത്ത് യുവാവിനെ മർദ്ദിച്ച സംഭവം സംബന്ധിച്ച് 19-6-2018-ന് മുഖ്യമന്ത്രിക്കു വേണ്ടി സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയിൽ നടത്തിയ പ്രസ്താവന സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് ആരോപിച്ച് ശ്രീ. അനിൽ അക്കര നൽകിയ നോട്ടീസ്.

II. താഴെപ്പറയുന്ന അവകാശ ലംഘന നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണെന്ന് സ്പീക്കർ അറിയിച്ചു :

1. സംസ്ഥാനത്ത് കാലവർഷക്കെടുതിമൂലം ഉളവായിരിക്കുന്ന സ്ഥിതി വിശേഷവും സംസ്ഥാനത്തിന്റെ പുനർ നിർമ്മാണത്തിനായി സ്വീകരിക്കേണ്ട നടപടികളും സഭ ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേൽ 30-8-2018-ന് നടന്ന ചർച്ചയിൽ മുഖ്യമന്ത്രി സഭയെ തെറ്റിദ്ധരിപ്പിച്ചു എന്നാരോപിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നൽകിയ നോട്ടീസ്.

2. സംസ്ഥാനത്ത് മൂന്ന് ബ്രൂവറികൾക്കും ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ ഒരു കോമ്പൗണ്ടിംഗ്, ബ്ലെന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റിനും അനുമതി നൽകിയതിനെതിരെ പ്രതിപക്ഷ നേതാവ് പത്രസമ്മേളനത്തിൽ ഉന്നയിച്ച വിഷയങ്ങളുടെ പേരിൽ എക്സൈസ് വകുപ്പ് നടത്തിയ പ്രസ്താവനയ്ക്കെതിരെ ശ്രീ. കെ. സി. ജോസഫ് നൽകിയ നോട്ടീസ്.

3. 8-12-2018-ൽ കെ. എസ്. യു. പ്രവർത്തകർ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച് സംബന്ധിച്ച് 10-8-2018-ലെ പ്രതിപക്ഷ നേതാവിന്റെ സബ്മിഷനുള്ള നോട്ടീസിന് മുഖ്യമന്ത്രി നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് ആരോപിച്ച് ശ്രീ. ഹൈബി ഈഡൻ നൽകിയ നോട്ടീസ്.

4. 6-12-2018-ലെ ചോദ്യോത്തരവേളയിൽ ശബരിമലയിലെ അന്നദാനം സംബന്ധിച്ച് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് ആരോപിച്ച് ഡോ. എം. കെ. മുനീർ നൽകിയ നോട്ടീസ്.

5. 6-12-2018-ൽ നിയമസഭയിൽ മറുപടി നൽകവെ സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഹിന്ദു ഐക്യ വേദി സംസ്ഥാന അദ്ധ്യക്ഷ ശ്രീമതി കെ. പി. ശശികല നടത്തിയ പ്രസംഗം സംബന്ധിച്ച് തെറ്റായ പ്രസ്താവന നടത്തിയെന്നാരോപിച്ച് ശ്രീ. ഒ. രാജഗോപാൽ നൽകിയ നോട്ടീസ്.

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തെക്കുറിച്ച് സ്പീക്കർ ഹ്രസ്വമായ ഒരു അവലോകനം നടത്തി.

സഭാ നടപടികളുടെ അവസാനം ദേശീയ ഗാനം ആലപിച്ചു.

രാവിലെ 11.49-ന് സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

**FOURTEENTH KERALA LEGISLATIVE ASSEMBLY**

Thirteenth Session

# BULLETIN—PART I

( Brief Record of Proceedings )

*Thursday, December 13, 2018*

**No. 151**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three questions in the list of questions posted for the day were answered orally.

[The Leader of Opposition announced boycott of Question Hour in protest against the attitude of the Government towards the indefinite Sathyagraha of three opposition Members in the foyer of the Assembly. The Members belonging to the Opposition except BJP boycotted the Question Hour]

*Obituary Reference :*

The Speaker made reference on the demise of M. M. Jacob, former Union Minister, K. V. Kurian, former Member, H. N. Anandkumar, Union Minister for Parliamentary Affairs, M. I. Shanawas, Member of Parliament, E. Narayanan Nair, former Member, C. N. Balakrishnan, former Minister. As a mark of respect to the deceased, the Members stood in silence for a while.

*Adjournment Motion :*

Dr. M. K. Muneer and two other Members had given notice for moving an Adjournment motion regarding the serious situation reported to have arisen consequent on the reported move of the Government to organise 'Vanitha Mathil' using public money. The Members belonging to ruling front neared the well of the House shouting slogans demanding withdrawal of

remark made by Dr. M. K. Muneer in his speech after the reply by the Chief Minister. As it was difficult to carry on the business of the House, the Speaker temporarily adjourned the House at 10.40 a.m.

The House reassembled at 11.17 a.m with Mr. Speaker in the chair. The Members belonging to the ruling front neared the well of the House again shouting slogans demanding withdrawal of the remark made by Dr. M. K. Muneer. The Speaker withheld consent to the moving of the Adjournment motion and proceeded to next business, as it was difficult to carry on the proceedings in an orderly manner.

*Calling Attention:*

1. Shri. K. Babu had given a notice to call the attention of the Minister for Public Works and Registration to the necessity to exert pressure on the Central Government to establish the proposed Rail Coach Factory at Kanjikode. The Minister laid on the table a statement thereto.

2. Shri. P. T. Thomas had given a notice to call the attention of the Chief Minister to the necessity to modernize the State Fire and Rescue Services. The Chief Minister laid on the table a statement thereto.

*The Matters under Rule 304 :*

The Ministers concerned laid on the table statements on the following matters under Rule 304 :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. സണ്ണി ജോസഫ് | കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | ശ്രീമതി ഇ. എസ്. ബിജിമോൾ | പത്തുചെയിൻ പ്രദേശത്തെ മൂന്ന് ചെയിൻ നിവാസികൾക്ക് പട്ടയം നൽകുന്നത് | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ശ്രീ. മുരളി പെരുനെല്ലി | ഇല്ലിക്കൽ ഷട്ടറിന്റെ പുനർ നിർമ്മാണത്തിലെ അപാകത | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. മഞ്ഞളാംകുഴി അലി | പെരിന്തൽമണ്ണയിലെ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. ഇ. കെ. വിജയൻ | കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. ടി. വി. ഇബ്രാഹിം | ചീക്കോട് കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീമതി പി. അയിഷാ പോറ്റി | സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ ആനുകൂല്യങ്ങൾ | ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 8 | ശ്രീ. എ. എം. ആരിഫ് | മുത്തൂറ്റ് ഫിനാൻസിലെ ജീവനക്കാരുടെ പണിമുടക്ക് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 9 | ശ്രീ. എ. പ്രദീപ്കുമാർ | മലബാർ ദേവസ്വം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ | സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 10 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | കോട്ടയത്തെ കൽപ്പക സൂപ്പർ മാർക്കറ്റിന്റെ പ്രവർത്തനം | സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |

*Presentation of Reports:*

The following Reports were presented:

1. The Special Reports of the Subject Committee I on the "Flood Rehabilitation Package in Agriculture and Animal Husbandry Sector" and the "Project formulated by the Department of Agriculture for ensuring safe food through encouraging Bio-farming".

2. The Special Reports of the Subject Committee VII on "ODEPC" and "Loss incurred in the production, transmission and distribution sectors including major and minor electricity projects, due to the flood in August 2018".

*Consideration of Reports* :

The third report of the Committee of Privileges and Ethics was considered and adopted by the House with amendments.

*Legislative Business* :

I. <u>Introduction and motion for reference to the Select Committee of the Kerala Farmers' Welfare Fund Bill, 2018</u>

Shri V. S. Sinil Kumar, Minister for Agriculture and Animal Husbandry introduced the Kerala Farmers' Welfare Fund Bill, 2018 and moved that the Bill be referred to a Select Committee. No amendments were moved and there was no discussion. Then the Bill was referred to a Select Committee comprising of the following Members.

1. Shri V. S. Sunil Kumar, Minister for Agriculture
2. Shri Chittayam Gopakumar
3. Dr. N. Jayaraj
4. Shri K. C. Joseph
5. Shri K. Kunhiraman
6. Shri Mathew T. Thomas
7. Shri D. K. Murali
8. Shri Murali Perunelly
9. Shri N. A. Nellikkunnu
10. Shri K. Rajan
11. Shri Saji Cherian
12. Shri C. K. Saseendran
13. Shri Sunny Joseph
14. Shri P. Ubaidulla
15. Shri K. V. Vijayadas.

II. The motion for consideration and further stages of the Kerala Co-Operative Societies (Second Amendment) Bill, 2018 as reported by the Subject Committee

Shri Kadakampally Surendran, Minister for Co-Operation, Tourism and Devaswoms moved the motion that the Kerala Co-Operative Societies (Second Amendment) Bill, 2018, as reported by the Subject Committee, be taken up for consideration. No amendment was moved. Then the motion was adopted and the bill was taken up for clause by clause consideration and passed with the following amendment.

*Clause 2*

In the proviso to section 2(oe) proposed to be inserted in the principal Act by Clause 2, for the words "six months" the words "one year" shall be substituted.

Announcement by Speaker on the Constitution of Adhoc Committee

The Speaker informed the house that an Adhoc Committee comprising of the following Members was constituted to study and report on the impact of SARFAESI Act in the state.

1. Smt. E. S. Bijimol
2. Shri James Mathew
3. Shri Mons Joseph
4. Shri A. Pradeepkumar
5. Shri Thiruvanchoor Radhakrishnan
6. Shri S. Sarma
7. Shri C. K. Saseendran
8. Shri V. D. Satheesan
9. Shri K. Suresh Kurup
10. Shri M. Ummer
11. Shri N. Vijayan pillai.

*Questions of breach of privilege* :

I. The Speaker withheld consent to the following notices of questions of breach of privilege:

1. ഐ. പി. എസ്. ഓഫീസർമാരുടെ വീട്ടുകളിൽ ക്യാമ്പ് ഫോളോവേഴ്സ് തസ്തികയിലെ ജീവനക്കാർ ജോലി നോക്കുന്ന വിവരം സംബന്ധിച്ച് മുഖ്യമന്ത്രി സഭയിൽ നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതായിരുന്നു എന്നാരോപിച്ച് ശ്രീ. വി. ഡി. സതീശൻ നൽകിയ നോട്ടീസ്.

2. പത്തനാപുരത്ത് യുവാവിനെ മർദ്ദിച്ച സംഭവം സംബന്ധിച്ച് 19-6-2018-ന് മുഖ്യമന്ത്രിക്കുവേണ്ടി സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയിൽ നടത്തിയ പ്രസ്താവന സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് ആരോപിച്ച് ശ്രീ. അനിൽ അക്കര നൽകിയ നോട്ടീസ്.

II. The Speaker informed the house that the following notices of questions of breach of privilege were under consideration of the Chair:

1. സംസ്ഥാനത്ത് കാലവർഷക്കെടുതിമൂലം ഉളവായിരിക്കുന്ന സ്ഥിതി വിശേഷവും സംസ്ഥാനത്തിന്റെ പുനർ നിർമ്മാണത്തിനായി സ്വീകരിക്കേണ്ട നടപടികളും സഭ ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേൽ 30-8-2018-ന് നടന്ന ചർച്ചയിൽ മുഖ്യമന്ത്രി സഭയെ തെറ്റിദ്ധരിപ്പിച്ച എന്നാരോപിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നൽകിയ നോട്ടീസ്.

2. സംസ്ഥാനത്ത് മൂന്ന് ബ്രൂവറികൾക്കും ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ ഒരു കോമ്പൗണ്ടിംഗ്, ബ്ലെന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റിനും അനുമതി നൽകിയതിനെതിരെ പ്രതിപക്ഷ നേതാവ് പത്രസമ്മേളനത്തിൽ ഉന്നയിച്ച വിഷയങ്ങളുടെ പേരിൽ എക്സൈസ് വകുപ്പ് നടത്തിയ പ്രസ്താവനയ്ക്കെതിരെ ശ്രീ. കെ. സി. ജോസഫ് നൽകിയ നോട്ടീസ്.

3. 8-12-2018-ൽ കെ. എസ്. യു. പ്രവർത്തകർ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച് സംബന്ധിച്ച് 10-8-2018-ലെ പ്രതിപക്ഷ നേതാവിന്റെ സബ്മിഷനുള്ള നോട്ടീസിന് മുഖ്യമന്ത്രി നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് ആരോപിച്ച് ശ്രീ. ഹൈബി ഈഡൻ നൽകിയ നോട്ടീസ്.

4. 6-12-2018-ലെ ചോദ്യോത്തരവേളയിൽ ശബരിമലയിലെ അന്നദാനം സംബന്ധിച്ച് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് ആരോപിച്ച് ഡോ. എം. കെ. മുനീർ നൽകിയ നോട്ടീസ്.

5. 6-12-2018-ൽ നിയമസഭയിൽ മറുപടി നൽകവെ സഹകരണവും വിനോദസഞ്ചാരവും ടൂറിസവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഹിന്ദു ഐക്യ വേദി സംസ്ഥാന അദ്ധ്യക്ഷ ശ്രീമതി കെ. പി. ശശികല നടത്തിയ പ്രസംഗം സംബന്ധിച്ച് തെറ്റായ പ്രസ്താവന നടത്തിയെന്നാരോപിച്ച് ശ്രീ. ഒ. രാജഗോപാൽ നൽകിയ നോട്ടീസ്.

The Speaker made a brief review of the Thirteenth Session of the Fourteenth Kerala Legislative Assembly.

National Anthem was sung at the conclusion of the proceedings.

The House adjourned sine die at 11.49 a.m.

V. K. BABU PRAKASH,
*Secretary.*